"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-കണ്ണൂർ ജില്ലയിലെ പട്ടുവം ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീ.രവീന്ദ്രൻ.യു.വി യ്ക്ക് സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് റിവർഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്

സ.ഉ.(സാധാ) നം.1165/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 17/06/2021

---

പരാമർശം:- 1 ശ്രീ.രവീന്ദ്രൻ.യു.വി യുടെ 03.10.2019 ലെ അപേക്ഷ.

2 പഞ്ചായത്ത് ഡയറക്ടറുടെ 15.03.2020ലെ ഇ13-3519/20 നമ്പർ കത്ത്.

ഉത്തരവ്

കണ്ണൂർ ജില്ലയിലെ പട്ടുവം ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീ.രവീന്ദ്രൻ.യു.വി അക്കൗണ്ടന്റ് ആയി ഒന്നര വർഷമായി ജോലി നോക്കി വരവേ ബ്രയിൻ ട്യൂമർ അസുഖം കാരണം സ്ഥിരമായി കംപ്യൂട്ടർ ഉപയോഗിക്കാൻ സാധിക്കുന്നില്ലെന്നും ആയതിനാൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് തരം താഴ്ത്തി നിയമിക്കണമെന്നാവശ്യപ്പെട്ട് ടിയാൻ പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അച്ചടക്ക നടപടികളുടെ ഭാഗമായിയല്ലാതെ സാധാരണഗതിയിൽ, ഒരു തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ സ്വീകരിച്ച ശേഷം വ്യക്തിയുടെ അപേക്ഷ പരിഗണിച്ച് താഴ്ന്ന തസ്തികയിലേയ്ക്ക് റിവേർഷൻ അനുവദിക്കുന്നതിന് ചട്ടങ്ങളിൽ വ്യവസ്ഥയില്ല. എന്നിരുന്നാലും ടിയാളുടെ ആരോഗ്യസ്ഥിതി കണക്കിലെടുത്ത് ഇതൊരു പ്രത്യേക കേസ്സായി പരിഗണിച്ച് കണ്ണൂർ ജില്ലയിലെ പട്ടുവം ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീ.രവീന്ദ്രൻ.യു.വി യ്ക്ക് സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് റിവേർഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രമണി മാത്യു

അഡിഷണൽ സെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, പട്ടുവം ഗ്രാമപഞ്ചായത്ത്, കണ്ണൂർ(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ശ്രീ.രവീന്ദ്രൻ.യു.വി, അക്കൗണ്ടന്റ്, പട്ടുവം ഗ്രാമപഞ്ചായത്ത്, കണ്ണൂർ(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്( 15.10.2020 ലെ ഉപദേശ-ബി2/101/20/ഉഭപവ നമ്പർ കുറിപ്പ് പ്രകാരം)

ധന കാര്യ വകുപ്പ്( 07.01.2021 ലെ ധെവ-1/270/20/ധന നമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം

വെബ് ആൻഡ് ന്യൂ മീഡിയ (I&PRD)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ (106/ഇപിഎ1/2020/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ